ഉത്തരം

(എ) 4 എണ്ണം.

(ബി, സി) കലവക്കോട്ട് ഓവർ ബ്രിഡ്ജിന്റെയും അപ്രോച്ച് റോഡുകളുടെയും പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഓവർ ബ്രിഡ്ജിന്റെ പണി റെയിൽവെ അധികൃതരാണു നടത്തുന്നതു്. അതു് എന്നു തീരുമെന്നു പറയുക സാദ്ധ്യമല്ല. അപ്രോച്ചു റോഡുകളുടെ പണി 1964 മദ്ധ്യത്തോടുകൂടി പൂർത്തിയാകുന്നതാണു്.

ഓവർ ബ്രിഡ്ജിന്റെ പണി

173. [11] ശ്രീ. കെ. അവുക്കാദർകുട്ടിനഹ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫറോക്കിൽ ഒരു ഓവർ ബ്രിഡ്ജു് കെട്ടുന്നതിനുവേണ്ടി ഈ ഗവണ്മെന്റു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ബി) ഫറോക്കു് പഞ്ചായത്തിന്റെ ആവശ്യങ്ങൾ അടങ്ങിയ ഒരു മെമ്മോറാണ്ടം പഞ്ചായത്തു പൗരമുന്നണി ബഹുമാനപ്പെട്ട മന്ത്രിക്കു സമർപ്പിച്ചിട്ടുണ്ടോ ;

(സി) അതിൽ പറഞ്ഞ കാര്യങ്ങളെക്കുറിച്ചു് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടു്?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ടു്.

(സി) ഫറോക്കു്—കരുവാൻതുരുത്തി റോഡും മണ്ണൂർ—കടലുണ്ടി റോഡും തമ്മിൽ ബന്ധിപ്പിക്കുന്നതിനു ഫറോക്കു സ്റ്റേഷനുസമീപം റയിൽവേ വക സ്ഥലം തരുന്നതിനു റയിൽവെ അധികാരികളോടു് ആവശ്യപ്പെട്ടു. പക്ഷെ ആ സ്ഥലം വിട്ടുതരുന്നതിനു് സാദ്ധ്യമല്ലെന്നു റയിൽവെ അധികാരികളും അറിയിച്ചു. പഞ്ചായത്തു മുന്നണിയുടെ വേറൊരു നിവേദനം ഫറോക്കു റോഡിന്റെ വീതി കൂട്ടുവാനും ഒരു ബസ്സു് സ്റ്റാൻഡു് നിർമ്മിക്കുന്നതിനു് സ്ഥലം കൊടുക്കുന്നതിനുമാണു്. റോഡു് വീതി കൂട്ടുവാൻ ആവശ്യമായ സ്ഥലമെടുപ്പു നടപടികളും ഇതുവരെയും പൂർത്തിയായിട്ടില്ല. ബസ്സു് സ്റ്റാൻഡിനു് ആവശ്യമായ സ്ഥലം വിട്ടുകൊടുപ്പാൻ ഇപ്പോഴും നിവൃത്തിയില്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 31-1-1964

സ്റ്റേറ്റു് ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെന്റിലെ സ്റ്റാഫിന്റെ ജാതി തിരിച്ചുള്ള പട്ടിക

174. [2] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റു് ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെന്റിൽ എത്ര സെക്ഷൻ ഉണ്ടു് ;

(ബി) ഓരോ സെക്ഷനിലും എത്ര ആളുകൾ ഉണ്ടു്;

(സി) ലേബർ എത്ര, സ്റ്റാഫു് എത്ര ;

(ഡി) അവരുടെ ജാതി തിരിച്ചുള്ള പട്ടിക ദയവായി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാലു്.

(ബി)	(1)	അഡ്മിനിസ്ട്രേറ്റീവു്	942
	(2)	ഓപ്പറേറ്റിംഗു്	2972
	(3)	മെക്കാനിക്കൽ	2123
	(4)	വാച്ചു് ആൻഡു് വാർഡു്	165
(സി)	ലേബർ	5223	
	സ്റ്റാഫു്	979	
(ഡി)	നായർ		2120
	ക്രിസ്ത്യാനികം		928
	ബ്രാഹ്മണർ		103
	പട്ടികജാതി, പട്ടികവർഗ്ഗക്കാർ		385
	പിന്നോക്കജാതിക്കാർ		2528
	മറ്റു ജാതിക്കാർ		118

കാളേജു് വിദ്യാഭ്യാസ പുനഃസ്സംഘടന

175. [3] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാളേജു് വിദ്യാഭ്യാസ രീതി പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എങ്ങനെ ;

(സി) ഈ പുതിയ രീതികൊണ്ടു് സാമ്പത്തിക ബാദ്ധ്യത എത്ര കൂടുതൽ ഗവണ്മെൻറിനു വരും ?

ഉത്തരം

(എ) ഉണ്ടു്.

(ബി) ഒരു വിദ്യാർത്ഥി ആദ്യഡിഗ്രി എടുക്കുന്നതിനുമുമ്പു് അദ്ധ്യയന കാലം പത്തു വർഷത്തെ സ്കൂൾ വിദ്യാഭ്യാസം, രണ്ടു വർഷത്തെ പ്രീ യൂണിവേഴ്സിറ്റി കോഴ്സു്; മൂന്നു വർഷത്തെ ഡിഗ്രി കോഴ്സു് എന്നിങ്ങനെ പതിനഞ്ചുവർഷമായി ക്രിപ്പപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

(സി) ഗവണ്മെൻറിൻെറ സാമ്പത്തിക ബാദ്ധ്യത പുതുതായി തുടങ്ങേണ്ടിവരുന്ന കാളേജുകളുടെ എണ്ണത്തെ ആശ്രയിച്ചാണിരിക്കുന്നതു്. എത്ര പുതിയ കാളേജുകളം അനുവദിക്കണമെന്നുള്ള കാര്യം തീരുമാനിച്ചിട്ടില്ല.

എസ്സു്. എസ്സു്. എൽ. സി. പാസ്സായി ഉദ്യോഗം ലഭിക്കാത്ത പട്ടികജാതിക്കാർ

176. [5] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ താലൂക്കിലും എസ്സു്. എസ്സു്. എൽ. സി. പാസ്സായി ഉദ്യോഗം ലഭിക്കാതെ പട്ടികജാതിയിൽപ്പെട്ട എത്ര വീതം ഉണ്ടെന്നു് ഗവണ്മെൻറിനു് എന്തെങ്കിലും കണക്കുണ്ടോ ;

(ബി) ഇല്ലെങ്കിൽ അപ്രകാരമുള്ള സ്ഥിതിവിവര കണക്കെടുക്കാൻ തയ്യാറുണ്ടാകുമോ ?

ഉത്തരം

(എ) ഉണ്ടു്;

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly